DESHABHIMANI 09-11-2017



# കാട്ടാനയുടെ വരവ് മൊബൈലിൽ അറിയാം

**ആനയാണ് വരുന്നതെന്ന് സ്ഥിരീകരിക്കുന്നതോടെ വയർലെസ്‌വഴി മൊബൈലിൽ സന്ദേശം ലഭിക്കുന്നതാണ് സംവിധാനം**

● സി എ പ്രേമചന്ദ്രൻ

മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ വർധിക്കുകയാണ്. വനത്തോടു ചേർന്ന ജനവാസകേന്ദ്രങ്ങളിലേക്ക് വെള്ളവും ഭക്ഷണവും തേടിയെത്തുന്ന ആനകൾ കൃഷിയിടങ്ങൾ നശിപ്പിക്കാറുണ്ട്. പലപ്പോഴും മനുഷ്യന്റെ ജീവനാശത്തിലേക്കും വഴിവയ്ക്കും. ഇതിനുള്ള പരിഹാരമായി കാടിറങ്ങുന്ന കരിവീരന്റെ വരവറിയിക്കാൻ നൂതനസംവിധാനം.

ആന കടന്നുവരുന്ന വഴികളിൽ നൂതന ക്യാമറ സ്ഥാപിച്ച് ആനകളുടെ ചിത്രങ്ങൾ ഓട്ടോമാറ്റിക്കായി പകർത്തും. ആനയാണെന്ന് സ്ഥിരീകരിക്കുന്നതോടെ വയർലെസ് വഴി മൊബൈൽഫോണിൽ സന്ദേശം ലഭിക്കുന്നതാണ് സംവിധാനം.

കേരള കാർഷിക സർവകലാശാലയുടെ വനശാസ്ത്ര കോളേജിലെ നേചറൽ റിസോഴ്സ് മാനേജ്മെന്റ് വിഭാഗത്തിലെ ഡോ. എസ് ഗോപകുമാറാണ് ഈ സംവിധാനം നിർമ്മിക്കാൻ നേതൃത്വം നൽകിയത്. തൃക്കാക്കര മോഡൽ എൻജിനിയറിങ് കോളേജിന്റെയും മുണ്ടൂർ ഐആർടിസിയുടെയും സഹായത്തോടെ വികസിപ്പിച്ച ഈ സംവിധാനം വനാതിർത്തിയിലെ മനുഷ്യവാസകേന്ദ്രങ്ങളിലും മറ്റും കാട്ടാനകൾ എത്തുന്നത് നേരത്തെ അറിയാൻ സഹായിക്കും.

എലിഫന്റ് ഇൻട്രഷൻ ഡിറ്റക്ഷൻ ആൻഡ് ഏർളി വാർണിങ് സിസ്റ്റം ഉപയോഗിച്ച് രണ്ടു കിലോമീറ്റർവരെ ചുറ്റളവിൽ ആനയുടെ സാന്നിധ്യമുണ്ടെകിൽ വയർലെസ് സംവിധാനംവഴി മൊബൈലിൽ ബന്ധപ്പെട്ടവരെ അറിയിക്കാനാകും. വനാതിർത്തികളിൽ ആന വരുന്ന വഴികളിൽ സ്ഥാപിക്കുന്ന ക്യാമറകളിൽ കാണുന്ന മൃഗങ്ങളിൽ ആനയെ തിരിച്ചറിയാനും ആനയാണെന്നു



സ്ഥിരീകരിച്ചാൽ ഉടൻ വയർലെസ് സന്ദേശം അയക്കാനുമുള്ള സാങ്കേതികവിദ്യ സമന്വയിപ്പിച്ചാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത് . ലോറ എന്ന വയർലെസ് സംവിധാനം കൺട്രോൾ ടവറുമായി ബന്ധിപ്പിച്ചാണ് മൊബൈൽ ഫോണിലേക്ക് സന്ദേശം ലഭിക്കുക.

പാലക്കാട് മംഗലാംകുന്നിലെ ആനക്കോട്ടയിൽ പോയി രാത്രിയിൽ ആയിരത്തോളം ആനയുടെ ചിത്രങ്ങൾ പകർത്തി. ആനയുടെ ചെവി, തുമ്പി തുടങ്ങി എല്ലാ ഭാഗങ്ങളും ക്യാമറയിൽ സൂക്ഷിച്ചിട്ടുണ്ട്. ആന വരുമ്പോൾ ഈ ചിത്രങ്ങളോട് സമാനതയുള്ള ദൃശ്യങ്ങൾ ഓട്ടോമാറ്റിക്കായി ക്യാമറയിൽ പതിയുമ്പോഴാണ് വയർലെസ്‌വഴി സന്ദേശങ്ങൾ പോവുക. അൽഗോരിഥം സംവിധാനം വഴിയാണ് ആനയുടെ വരവുമാത്രം തിരിച്ചറിയുന്നത്. സെൻസിങ്സംവിധാനമുള്ള ഐ ആർ ക്യാമറവഴിയാണ് ഇതു ചെയ്യുന്നത്. ഇതോടെ മുൻകരുതൽ എടുക്കാനാവും. അട്ടപ്പാടിമേഖലയിൽ ഇത് പരീക്ഷണാർഥം നടത്തി വിജയിച്ചു.



ആന വരുന്ന വഴികളിൽ ക്യാമറകൾ

തൃക്കാക്കര എൻജിനിയറിങ് കോളേജിലെ അധ്യാപകരായ എം പ്രദീപ്, ജഗദീഷ്കുമാർ, മുണ്ടൂർ ഐആർടിസിയിലെ ഗവേഷകനായ ആർ സതീഷ് എന്നിവരാണ് ഇതിനു സഹായിച്ചത്.

മനുഷ്യരും വന്യജീവിസംഘർഷങ്ങളും എന്ന വിഷയത്തിൽ ഡോ. എസ് ഗോപകുമാർ രണ്ടു വർഷമായി പ്രോജക്ട് വർക്ക് നടത്തുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെ വനശാസ്ത്രകോളേജിൽ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം എന്ന വിഷയത്തിൽ സെമിനാറും നടത്തി. ആനശല്യത്തെക്കുറിച്ച് കർഷകർ ചർച്ചചെയ്തു. അതേതുടർന്നാണ് മാതൃക വികസിപ്പിച്ചത്.

കാട്ടാനശല്യം തടയാൻ റെയിൽവേലി, വാച്ച്ടവർ, കിടങ്ങുകൾ നിർമിക്കൽ, സൗരോർജവേലി, തേനീച്ചക്കൂട് പ്രയോഗം, പ്രത്യേകസസ്യങ്ങൾ പ്രയോഗിച്ചുള്ള ജൈവവേലി പ്രയോഗം എന്നീ നിർദേശങ്ങൾ ശിൽപ്പശാലയിൽ ഉയർന്നുവന്നു.

വാളയാർ മദുക്കര റെയിൽവേ ലൈനിലും ബന്ദിപ്പുർ, മുത്തങ്ങ തുടങ്ങിയ വന്യജീവി സംരക്ഷണകേന്ദ്രങ്ങളോടടുത്തുള്ള ദേശീയപാതകളിലും കാട്ടാനകൾ ഒറ്റയ്ക്കും കൂട്ടായും അപ്രതീക്ഷിതമായി എത്തുന്നത് പലപ്പോഴുംഅപകടങ്ങൾക്കും അനാവശ്യമായ സംഘർഷങ്ങൾക്കും ഇടയാക്കാറുണ്ട്.

മനുഷ്യർ മൃഗങ്ങളുടെ ആവാസവ്യവസ്ഥയിലേക്ക് കടന്നുകയറുന്നത് തടയണം. ആവാസവ്യവസ്ഥ പഠനവിധേയമാക്കി വന്യമൃഗസംരക്ഷണം ഉറപ്പാക്കണം. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം വേണം. ജനകീയ ജാഗ്രതാസമിതികൾ രൂപീകരിക്കണം. ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബത്തിന് നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശിൽപ്പശാലയിലെ നിർദേശങ്ങൾ സർക്കാരിലേക്കു സമർപ്പിച്ചതായി വനശാസ്ത്ര കോളേജ് ഡീൻ ഡോ. വിദ്യാസാഗർ അറിയിച്ചു.